പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 172 01.12.2014 ലെ മറുപടിക്ക്

ഡി.ജി.പി.നിയമനം

| ചോദ്യം<br>**ശ്രീ. എ.കെ.ശശീന്ദ്രൻ** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br><br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ച് സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) WP (C) No.310/96 (പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യ) എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ 22.09.2006-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ തസ്തികയിലേക്ക് തെരെഞ്ഞെടുക്കുന്നതിനായി പ്രസ്തുത റാങ്കിലെ ഏറ്റവും മുതിർന്ന 3 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന പാനലിൽ നിന്നും ഉദ്യോഗസ്ഥരുടെ സർവ്വീസ് കാലയളവ്, സർവ്വീസ് റെക്കോർഡ്, ജോലിയിലുള്ള പരിജ്ഞാനം, പോലീസ് സേനയെ നയിക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരാളെയാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആയി നിയമിക്കേണ്ടത് എന്നും അപ്രകാരം നിയമിക്കുന്നയാളെ കുറഞ്ഞത് 2 വർഷം പ്രസ്തുത തസ്തികയിൽ നിലനിർത്തണമെന്നുമാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ചുള്ള സുപ്രീം കോടതി നിർദ്ദേശം. |
| ബി) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി). കേരള പോലീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിലവിലുള്ള സംസ്ഥാന പോലീസ് മേധാവിയെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ